പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3012

18.06.2018-ൽ മറുപടിക്ക്

## ചെല്ലാനം ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.ജെ.മാക്സി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് അധികമായി തുക അനുവദിച്ചിട്ടുണ്ടോ; | (എ) | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ച തുക കൂടാതെ ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി NABARD RIDF XXIII-ൽ 10.37 കോടി അനുവദിച്ചു. കൂടാതെ ഹാർബറിന്റെ സ്ഥലമെടുപ്പിനായി 13 കോടി രൂപ അനുവദിക്കുകയും ടി തുക ജില്ലാ കളക്ടർക്ക് നൽകിയിട്ടുമുണ്ട്. |
| (ബി) | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (ബി) | നിലവിൽ ഹാർബറിന്റെ രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ജില്ലാ കളക്ടർക്ക് കൈമാറി നൽകുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുമ്പോൾ തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. NABARD RIDF XXIII ൽ അനുവദിച്ച 10.37 കോടി രൂപയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി തയ്യാറാക്കി വരുന്നു. അതോടൊപ്പം റവന്യൂ വകുപ്പ് അധികമായി ആവശ്യപ്പെട്ട 4.5765 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (സി) | ഹാർബറിന്റെ പണി എന്നത്തേക്ക് വീണ്ടും ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | സ്ഥലം ലഭ്യമായാലുടൻ ദർഘാസ് ക്ഷണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ